സെപ്റ്റംബർ 2020

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

ലോകമാസകലം മനുഷ്യനിർമ്മിതവും പ്രകൃതി നിർമ്മിതവുമായ ദുരന്തങ്ങൾ സംഹാരതാണ്ഡവമാടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തെ സാക്ഷി നിർത്തി ആഗസ്റ്റ് മാസവും നമ്മോടു വിടപറയുകയാണ്. പ്രകൃതിദുരന്തങ്ങൾ അതിന്റെ കടന്നാക്രമണം തുടർന്നുകൊണ്ടേയിരിക്കുന്നു. ആയതിന്റെ സംഹാരശക്തി പെരിയാറിനു തെക്കുള്ള ഭാഗത്ത് മുൻവർഷങ്ങളിലെപ്പോലെ രൂക്ഷമായില്ലെങ്കിലും ഇടുക്കിയിലെ വിവിധ പ്രദേശങ്ങളിലെ മലയിടിച്ചിലിലൂടെയും മണ്ണൊലിപ്പിലൂടെയും വിനാശകരമായ വിധത്തിൽ പ്രകടമാകുകയുണ്ടായി. രാജമലയിൽ, ലോകത്തിലെ ഒരു പ്രത്യേക ഇനം ആടുകൾ മേയുന്ന പുൽമേടുകളുടെ താഴെയുള്ള ഒരു ടീ എസ്റ്റേറ്റിൽ സംഭവിച്ചത് എല്ലാവരെയും കണ്ണീരിലാഴ്ത്തിയ ഒരു പ്രകൃതി ദുരന്തമായിരുന്നു. അനേകർ മരണപ്പെട്ടു. അനേകർ പ്രിയപ്പെട്ടവരുടെ വേർപാടിന്റെ തീവ്രവേദനയിൽ കഴിയുന്നു. ഈ പ്രദേശങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് അടിയന്തിരമായിത്തന്നെ സർക്കാർ നേതൃത്വം നൽകുമെന്നു പ്രതീക്ഷിക്കുന്നു. വേർപാടിന്റെ ദുഃഖത്തിലും ഭൗതികസമ്പത്തിന്റെയും ജീവിതചുറ്റുപാടുകളുടെയും നഷ്ടത്തിലും ദുഃഖിതരായിരിക്കുന്നവർക്ക് ആശ്വാസം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം. പണ്ട് പഠിച്ച ഒരു കവിത ഓർമ്മയിൽ വരുന്നു. ഒരു ആംഗ്ലേയ കവി ഒരു ഗ്രാമീണപട്ടക്കാരനെക്കുറിച്ച് എഴുതിയ ഹൃദയസ്പർശിയായ ഒരു കവിതയാണത്. ആ പട്ടക്കാരനെ ഒരു പർവ്വതരോഹകനായിട്ടാണ് ഈ കവിതയിൽ ചിത്രീകരിച്ചിരിക്കുന്നത്. ശാന്തിനിർഭരവും സ്വസ്ഥവുമായ ജന്മനാട് വിട്ട് നദികൾ സ്വച്ഛന്ദമായി ഒഴുകിക്കൊണ്ടിരിക്കുന്നതും വളർത്തുമൃഗങ്ങളുമായി സൗഹൃദപൂർണ്ണമായ ഒരു അന്തരീക്ഷത്തിൽ ജീവിക്കുന്നതുമായ ഈ പട്ടക്കാരൻ സഭാശുശ്രൂഷയിലേക്ക് പ്രവേശിക്കുകയാണ്. ഹൃദ്യമായ പരിശീലന കാലഘട്ടം കഴിഞ്ഞ് അദ്ദേഹം ചുമതലകൾ ഏറ്റെടുത്ത് ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് പ്രവേശിക്കുകയാണ്. ഒരു പർവ്വതതാഴ്‌വരയിലെ കാട്ടാറുകളുടെ രൗദ്രഭാവത്തോടുകൂടിയ ഒഴുക്കിന്റെ ശബ്ദമുഖരിതമായഅന്തരീക്ഷം, ദുർഘടകരമായ വഴികൾ വന്യമൃഗങ്ങളുടെ ഘോര അട്ടഹാസങ്ങൾ, പുൽമേടുകളിൽ സ്വച്ഛന്ദം വിഹരിക്കുന്ന മാൻപേടകളുടെ മേൽ നടക്കുന്ന വന്യജീവി ആക്രമണത്തിന്റെ ഫലമായി ഉളവാകുന്ന മാൻപേടകളുടെ ദീനരോദനം ഇവയെല്ലാം അനുഭവ യാഥാർത്ഥ്യങ്ങൾ തന്നെയാണെങ്കിലും ഈ ദുർഘടങ്ങളെയെല്ലാം താണ്ടി കൊടുമുടിയുടെ ഉന്നതിയിലെത്തുവാനുള്ള വ്യഗ്രതയിൽ ലക്ഷ്യബോധത്തോടുകൂടി ആ പട്ടക്കാരൻ നടന്നുനീങ്ങുകയാണ്. എന്നാൽ നിബിഢവനങ്ങളെ പിന്നിടുമ്പോൾ ആ പട്ടക്കാരൻ ദർശിക്കുന്നത് മറ്റൊരു കാഴ്ചയാണ്.-മനോഹരമായ പുൽമേടുകൾ, സ്വൈരമായി, നിർഭയരായി വിഹരിക്കുന്ന മാൻപേടകൾ, ഊർജ്ജ ദായിനിയായി ഒഴുകിവരുന്ന മന്ദമാരുതന്റെ തലോടലേറ്റ് പുഞ്ചിരിക്കുന്ന സസ്യലതാദികൾ. അങ്ങനെ പർവ്വതത്തിന്റെ മുകളിലെത്തി ദൈവം സൃഷ്ടിച്ചതായ പ്രപഞ്ചത്തിന്റെ മനോഹാരിത ദർശിച്ചു നിൽക്കുമ്പോൾ ആ സൃഷ്ടിയുടെ മഹത്വത്തിനു മുമ്പിൽ താൻ പിന്നിട്ട വഴികളിലെ ക്ലേശങ്ങളെല്ലാം നിഷ്പ്രഭമാകുന്നതായി ആപട്ടക്കാരനു തോന്നുകയാണ്. മനുഷ്യജീവിതത്തെ സംബന്ധിച്ചും ഈ പട്ടക്കാരന്റെ അനുഭവങ്ങൾ ഒരു യാഥാർത്ഥ്യം തന്നെയാണ്. സങ്കീർണ്ണങ്ങളായ അനുഭവങ്ങൾ ജീവിതത്തിൽ വന്നുചേരാം. എങ്കിലും ജീവിതയാത്രയിൽ സഹന വഴികൾ പിന്നിട്ട് മുമ്പോട്ടു പോകുവാൻ നമുക്ക് കഴിയണം. ദൈവത്തിൽ ആശ്രയിച്ച്, ദൈവത്തിന്റെ കൂടെ യാത്ര ചെയ്ത് നമുക്കു ലക്ഷ്യത്തിലെത്തണം. രാജമലയിൽ മണ്ണിടിച്ചിലിൽ ജീവഹാനി സംഭവിച്ച 65 പേരുടെ മൃതശരീരങ്ങൾ കണ്ടെടുത്തു എങ്കിലും ഇനിയും പലരുടെയും മൃതശരീരങ്ങൾ കണ്ടെത്തുവാനുള്ള അന്വേഷണം നടക്കുകയാണ്. വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന പ്രിയപ്പെട്ടവരുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കാം.

കൊറോണ വൈറസ് മൂലമുള്ള കോവിഡ് 19 എന്ന രോഗബാധ ഇന്ന് ലോകത്തെ ഭീതിജനകമായ അന്തരീക്ഷത്തിലേക്ക് കൊണ്ടു വന്നെത്തിച്ചിരിക്കുകയാണ്. കൊറോണ വൈറസ് വ്യാപനം ഒരു പ്രകൃതി ദുരന്തമായി കാണുവാൻ കഴിയുകയില്ല. ഇതൊരു മനുഷ്യ നിർമ്മിതമാണ് എന്ന ചിന്ത ഇന്നു പ്രബലപ്പെട്ടിട്ടുണ്ട്. കോവിഡ് 19 രോഗബാധയ്ക്ക് ഫലപ്രദമായ വാക്സിൻ കണ്ടെത്തുവാൻ നടത്തുന്ന ഗവേഷണങ്ങളും പ്രവർത്തനങ്ങളും ഫലപ്രാപ്തിയിലെത്തുന്നതിനായി 'ദൈവമേ കരുണ ചൊരിയണമേ' എന്നു പ്രാർത്ഥിക്കാം. നമ്മുടെ കർത്താവിന്റെ ആഗമന നാളുകളെക്കുറിച്ച് ചിന്തിക്കുന്ന നാളുകൾ സമാഗതമാകുന്നതിനു മുമ്പുതന്നെ തക്കതായ വാക്സിൻ സമാഗതമാകേണ്ടതിനായും പ്രത്യേകം പ്രാർത്ഥിക്കാം.

കഴിഞ്ഞ ലക്കം താരകയുടെ  കത്തിൽ നമ്മുടെ കോർപറേറ്റ് മാനേജമെന്റിലെ സ്കൂളുകളുടെയും വിവിധ ഇടവകകളുടെയും സഭയുടെ ട്രസ്റ്റുകളുടെയും ആഭിമുഖ്യത്തിൽ നടത്തുന്ന സ്കൂളുകളുടെയും പരീക്ഷാഫലങ്ങളിൽ കൈവരിച്ച അഭൂതപൂർവ്വമായ നേട്ടങ്ങളെക്കുറിച്ച് സൂചിപ്പിച്ചിരുന്നുവല്ലോ. ഈ കത്തിൽ നമ്മുടെ കലാലയ വിദ്യാഭ്യാസ രംഗത്ത് നമ്മുടെ പെരുമ്പാവൂർ മാർത്തോമ്മാ വനിതാ കോളേജിലെ മിസ് പായൽ കുമാരി നേടിയ ഉജ്ജ്വല വിജയത്തെക്കുറിച്ച് പ്രസ്താവിക്കുന്നതിൽ വളരെയധികം അഭിമാനവും സന്തോഷവുമുണ്ട്. ഈ കോളേജിൽ ബി.എ. ഹിസ്റ്ററി & ആർക്കിയോളജി വിഭാഗത്തിൽ പഠിച്ച മിസ് പായൽ കുമാരി ഈ വിഭാഗത്തിൽ മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയിൽ ഒന്നാം റാങ്ക് നേടി എന്നത് അഭിമാനകരമായ ഒരു വസ്തുതയാണ്. ഈ വിദ്യാർത്ഥിനിയുടെ വിജയത്തിന് മാറ്റുകൂട്ടുന്ന മറ്റൊരു വസ്തുത കൂടിയുണ്ട്.- ഈ വിദ്യാർത്ഥിനി 2001ൽ ബീഹാർ സംസ്ഥാനത്തു നിന്നും കേരളത്തിലേക്ക് ഉപജീവനമാർഗ്ഗം തേടിവന്ന സാധാരണ അന്യ സംസ്ഥാന തൊഴിലാളികളായ മാതാപിതാക്കളുടെ മകളാണ്. ഇടക്കാലത്ത് വീട്ടിലെ സാമ്പത്തിക പരാധീനതകൾ കാരണം പഠനം നിർത്താൻ പോലും ആലോചിച്ച പായൽ കുമാരിയെ അതിൽ നിന്നും പിന്തിരിപ്പിച്ച് പഠനത്തിൽ മുന്നേറുവാൻ ഉത്സാഹിപ്പിച്ചത് നമ്മുടെ കോളേജും അവിടുത്തെ ഹിസ്റ്ററി ഡിപ്പാർട്ടുമെന്റിലെ അദ്ധ്യാപകരുമാണ്. സമുന്നതമായ വിജയം കരസ്ഥമാക്കിയ മിസ് പായൽ കുമാരിയെ മലങ്കര മാർത്തോമ്മാ സുറിയാനി സഭ

യുടെ അഭിനന്ദനം അറിയിക്കുന്നു. മിസ് പായൽ കുമാരിയെ അനുമോദിക്കുവാൻ ഒരു ഓൺലൈൻ പ്രോഗ്രാമായി ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ അദ്ധ്യക്ഷതയിൽ ഒരു അനുമോദന സമ്മേളനം നടത്തുകയുണ്ടായി. ഈ സമ്മേളനം ഉദ്ഘാടനം ചെയ്തത് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രി ഡോ. കെ.റ്റി. ജെലീൽ ആണ്. ബി.എ. ഹിസ്റ്ററി ആന്റ് ആർക്കിയോളജി വിഭാഗത്തിൽ നിന്നുതന്നെ യൂണിവേഴ്സിറ്റിയിൽ രണ്ടാം റാങ്കു കരസ്ഥമാക്കിയ അഞ്ജിതാ രവി, നാലാം റാങ്ക് കരസ്ഥമാക്കിയ രമ്യ സന്തോഷ്, ഏഴാം റാങ്ക് കരസ്ഥമാക്കിയ ഫസ്ന എം.എം., എട്ടാം റാങ്ക് കരസ്ഥമാക്കിയ എയ്ഞ്ചല മോൾ ഡേവിസ് എന്നിവരെയും അഭിനന്ദിക്കുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ജിജി ജോർജ്ജിനെയും ഹിസ്റ്ററി വകുപ്പു മേധാവി ഡോ. ബിബിൻ കുറിയാക്കോസിനെയും അദ്ധ്യാപക സമൂഹത്തെയും അനദ്ധ്യാപക സമൂഹത്തെയും അഭിനന്ദിക്കുന്നു. അതോടൊപ്പം തന്നെ B.A. English Language and Literature Model II (Administrative Assistant) പരീക്ഷയിൽ സ്വാതി ജയന് ഒമ്പതാം റാങ്കും ശ്വേതാ എസ്. കുമാറിന് പത്താം റാങ്കും B.Sc Physics Model II (Applied Electronics) ൽ വർഷ എം. വിജയന് അഞ്ചാം റാങ്കും ആര്യ ശിവന് ഒമ്പതാം റാങ്കും ലഭിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥിനികളെയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് മേധാവികളെയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ തിരുവല്ലാ മാർത്തോമ്മാ കോളേജിൽ B.Sc. Botony II Food Micro Biology യിൽ എമി എസ്. മാത്യുവിന് 1-ാം റാങ്കും ജ്യോതി എസ്. നായരിന് 2-ാം റാങ്കും ജിഷ എസ്. കുമാറിന് 3-ാം റാങ്കും അപർണ സതീഷിന് 7-ാം റാങ്കും സൂര്യ എസ്. ബി.യ്ക്ക് 8-ാം റാങ്കും B.A.Political Science ൽ മീനു ഷാലാ മോനിക്ക് 2-ാം റാങ്കും അഡോൺ സി. മാത്യുവിന് 5-ാം റാങ്കും B.A. English Language and Literature ൽ ലിസ്സാ മാത്യുവിന് 10-ാം റാങ്കും ലഭിക്കുകയുണ്ടായി. ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും തിരുവല്ലാ മാർത്തോമ്മാ കോളേജ് പ്രിൻസിപ്പൽ ഡോ. വർഗ്ഗീസ് മാത്യുവിനെയും ഡിപ്പാർട്ട്മെന്റ് മേധാവികളെയും അദ്ധ്യാപകരെയും അനദ്ധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ കാസർകോഡ് മാർത്തോമ്മാ കോളേജിൽ ബി.കോം ഫിനാൻസ് കോഴ്സിന് അംഗീകാരം ലഭിക്കുകയുണ്ടായി. ഇടക്കാലത്ത് അഫിലിയേഷനുമായി ബന്ധപ്പെട്ട ചില പ്രയാസങ്ങൾ കോളേജിന് നേരിട്ടെങ്കിലും ഇപ്പോൾ അഫിലിയേഷൻ നേടി Rebuilding Process നടന്നുവരികയാണ്. വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട 30 ലക്ഷം രൂപ കടബാധ്യതയായി നിലനിൽക്കുകയാണ്. വിവിധ കോഴ്സുകളുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ പലതും രൂപപ്പെടേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിൽ സുമനസുകളുടെ ഉദാരമായ സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു. 50 ലക്ഷം രൂപായെങ്കിലും ലഭ്യമാകേണ്ടതായിട്ടുണ്ട്. സംഭാവനകൾ നൽകുവാൻ താൽപര്യപ്പെടുന്നവർക്ക് സഭാ ഓഫീസിലൂടെ നൽകാവുന്നതാണ്. നമ്മുടെ കൊട്ടാരക്കര മേഖലയ്ക്ക് തെക്കുള്ള പ്രശസ്തമായ ആയൂർ ചടയമംഗലം കോളേജിന്റെ ഒരു Feeding School ആയി ആരംഭിച്ച സ്കൂളിന് കേരള ഗവണ്മെന്റിൽ നിന്നും അംഗീകാരം നേടുന്നതിനും സി.ബി.എസ്.ഇ. അഫിലിയേഷൻ നേടുന്നതിനും സാധിച്ചു. ഈ സ്കൂളിന്റെ പുരോഗതിയിൽ പങ്കാളികളായ ഏവരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

നമ്മുടെ കോളേജുകളുടെ വികസന പ്രക്രിയയിൽ കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെ കോമേഴ്സ് വിഭാഗം സുവർണ്ണ ജൂബിലി നിറവിൽ പ്രവേശിച്ചിരിക്കുകയാണ്. അമ്പതുവർഷം മുമ്പ് കുരുടാമണ്ണിൽ കുടുംബാംഗമായ പ്രൊഫ. മാത്യു സി. വർഗ്ഗീസിന്റെ നേതൃത്വത്തിൽ ആരംഭിച്ച കോമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ സുവർണ്ണ ജൂബിലി ആഘോഷ പരിപാടികളിൽ പങ്കെടുക്കുവാൻ കഴിഞ്ഞത് അവിസ്മരണീയവും നിർവൃതിദായകവുമായ ഒരു അനുഭവമായിരുന്നു. ഒരു സങ്കടം മാത്രമേ ഉള്ളൂ- വാർദ്ധക്യ ക്ലേശങ്ങൾ മൂലം ശയ്യാവലംബിയായിരിക്കുന്ന പ്രിയപ്പെട്ട പ്രൊഫ. മാത്യു സി. വർഗീസ് സാറിന് ആ സമ്മേളനത്തിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല എന്നതിൽ. പിറ്റേദിവസം അദ്ദേഹത്തെ വീട്ടിൽ ചെന്നു കാണുകയും പ്രാർത്ഥിക്കുകയും ചെയ്തതും അവിസ്മരണീയമായ ഒരു അനുഭവം തന്നെയായിരുന്നു. കോഴഞ്ചേരി കോളേജിൽ മാനേജരായി പ്രവർത്തിപ്പാൻ നമുക്കും അവസരം ലഭിച്ചത് ഓർക്കുന്നു. പ്രിയപ്പെട്ട സാറിലൂടെ കോളേജിനും ഡിപ്പാർട്ടുമെന്റിനും ആദ്യകാലഘട്ടങ്ങളിൽ ഉണ്ടായ നേട്ടങ്ങളെ നന്ദിയോടെ ഓർക്കുന്നു. സുവർണ്ണജൂബിലി ക്രമീകരിച്ച കോമേഴ്സ് ഡിപ്പാർട്ടുമെന്റിനും കോളേജിനും അനുമോദനങ്ങൾ.

റൂസായിൽ നിന്നും ലഭിച്ച തുക അടിസ്ഥാനമാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തിരുവല്ല മാർത്തോമ്മാ കോളേജിൽ ആരംഭിക്കുവാനുള്ള ക്രമീകരണം ചെയ്തു വരികയാണ്. പഴയ കെട്ടിടം പൊളിച്ചുമാറ്റി സ്ഥലം ഒരുക്കി സെപ്റ്റംബറിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാമെന്നു വിചാരിക്കുന്നു. നമ്മുടെ റൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജിനും റൂസായിൽ നിന്നും ഒരു ബിൽഡിംഗിനു വേണ്ടിയുള്ള വർക്ക് പെർമിറ്റ് ലഭിച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ അനുമതിയ്ക്കു വേണ്ടിയുള്ള നടപടികൾ നടന്നുവരുന്നു.

അമലഗിരി TMAIC കൗൺസിലിംഗ് സെന്ററിന്റെ ആഭിമുഖ്യത്തിലുള്ള DCPC & MCP ക്ലാസുകളുടെ ഉദ്ഘാടനം ആഗസ്റ്റ് 10-ാം തീയതി Online ആയി നിർവ്വഹിച്ചു.

ആഗസ്റ്റ് 11 ന് നിലയ്ക്കൽ പള്ളിയുമായി ബന്ധപ്പെട്ട ഒരു അവലോകനയോഗം Zoom ലൂടെ നടന്നതിൽ പങ്കെടുക്കുകയുണ്ടായി.

മലയോര കർഷകനായിരുന്ന ചിറ്റാർ സ്വദേശി ശ്രീ. പി.പി. മത്തായി പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട്, സംഭവം നടന്ന് ആഴ്ചകൾ കഴിഞ്ഞിട്ടും ഗവണ്മെന്റ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിച്ചില്ല എന്നതിലുള്ള ഖേദം രേഖപ്പെടുത്തുകയാണ്. സാധാരണ കർഷകനായ ശ്രീ. പി.പി. മത്തായിയെ ആദ്യം ഒരു ഫാം ഉടമയായിട്ടാണ് ചിത്രീകരിച്ചത് എന്ന വസ്തുത എത്ര വേദനാജനകമാണെന്നോർക്കുക. ശ്രീ. പി.പി. മത്തായിയുടെ ദാരുണമായ മരണം ആ ഭവനത്തിനേൽപ്പിച്ച ആഘാതം വളരെ വലുതാണ്. ആ ഭവനത്തിലുള്ളവരുടെ തീവ്രമായ ദുഃഖം നേരിൽ കണ്ടു മനസ്സിലാക്കുവാൻ കഴിഞ്ഞു. ആഗസ്റ്റ് 10-ാം തീയതി നാം ആ ഭവനം സന്ദർശിച്ച് ദുഃഖാർത്തരായിരിക്കുന്ന ആ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയുണ്ടായി.

ദേശീയ വിദ്യാഭ്യാസനയത്തെ സംബന്ധിച്ചും പരിസ്ഥിതി നയത്തെ സംബന്ധിച്ചും സഭയ്ക്കുള്ള നിലപാടുകൾ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയേയും ആഭ്യന്തരമന്ത്രി ശ്രീ. അമിത്ഷായെയും അറിയിച്ചിട്ടുണ്ട്.

മലയോര പ്രദേശങ്ങളിലെ സാമൂഹ്യ, രാഷ്ട്രീയ കർഷക താൽപര്യങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ചതായ ശ്രീ. എം.റ്റി. തോമസ് നിര്യാതനായി പുല്ലാട് ആനമല മാർത്തോമ്മാ ഇടവകാംഗമായ അദ്ദേഹത്തിന്റെ നിര്യാണം സമൂഹത്തിന് അപരിഹാര്യമായ ഒരു നഷ്ടം തന്നെയാണ് അദ്ദേഹത്തിലൂടെ ലഭിച്ചിട്ടുള്ള സേവനങ്ങൾക്കായി ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹത്തിന്റെ വേർപാടിന്റെ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

മദ്രാസ് മെഡിക്കൽ മിഷന്റെ ജീവനാഡിയായിരിക്കുന്ന ഡോ. കെ.എം. ചെറിയാന്റെ സഹധർമ്മിണി ശ്രീമതി സെലിൻ ചെറിയാൻ നിര്യാതയായി. പെരുമ്പാവൂർ ആശ്രമം സ്കൂളിന്റ പൂർവ്വവിദ്യാർത്ഥിയായിരിക്കുന്ന ഡോ. കെ.എം. ചെറിയാൻ നമ്മുടെ ഈ സ്കൂളിനെക്കുറിച്ച് എല്ലായ്പ്പോഴും ഏറെ അഭിമാനത്തോടും സന്തോഷത്തോടുംകൂടി സാക്ഷ്യം പറയുന്നതു കേൾക്കാൻ പലപ്രാവശ്യം അവസരം ലഭിച്ചിട്ടുള്ളത് ഓർക്കുന്നു. അദ്ദേഹത്തിന്റെ സഹധർമ്മിണിയുടെ വേർപാടിലുള്ള അനുശോചനം അറിയിക്കുന്നു.

നമ്മുടെ സഭയിലെ സീനിയർ പട്ടക്കാരനായ ദിവ്യശ്രീ വി.ഇ. വർഗ്ഗീസ് കശ്ശീശാ വെല്ലൂരിൽ വെച്ച് നിര്യാതനായി. കോവിഡ് രോഗ ബാധിതനായിരുന്ന ബഹുമാനപ്പെട്ട അച്ചന്റെ ശവസംസ്കാര ശുശ്രൂഷ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് നടന്നു. അഭിവന്ദ്യ ഡോ. മാത്യൂസ് മാർ മക്കാറിയോസ് എപ്പിസ്കോപ്പാ ശവസംസ്കാര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട റവ. വി.ഇ. വർഗ്ഗീസ് അച്ചനിലൂടെ സഭയുടെ വിവിധ ഇടങ്ങളിൽ ലഭിച്ച ശുശ്രൂഷയ്ക്കായി ദൈവത്തിന് സ്തോത്രം. അച്ചന്റെ വേർപാടിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള സഭയുടെ അനുശോചനം അറിയിക്കുന്നു.

നമ്മുടെ സഭയിൽ ശ്രേഷ്ഠ ശുശ്രൂഷകൾ നിർവ്വഹിച്ച പ്രഗത്ഭ പട്ടക്കാരനായിരുന്ന പരേതനായ ദിവ്യശ്രീ. സി.വി. ജോൺ കശ്ശീശായുടെ മകൻ ചിറപ്പുറത്ത് പരേതനായ ശ്രീ. ജോർജ്ജ് ജോണിന്റെ മകൻ ശ്രീ. ജോൺ ജോർജ്ജ് അമേരിക്കയിലെ മൈക്രോസോഫ്റ്റ് കമ്പനി

യുടെ വൈസ് പ്രസിഡന്റായി നിയമിതനായതിലുള്ള അഭിമാനവും സന്തോഷവും അറിയിക്കുന്നു. മൈക്രോസോഫ്റ്റ് കമ്പനിക്ക് 6 പ്രസിഡന്റുമാരും 12 വൈസ് പ്രസിഡന്റുമാരുമാണുള്ളത്. നേതൃത്വത്തിന്റെ കൂടുതൽ പടവുകൾ കയറുവാൻ ആവശ്യമായ ശേഷിയും വിവേകവും വിനയവും നൽകി ദൈവം ശക്തീകരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഈ അക്കാദമിക വർഷത്തിൽത്തന്നെ നമ്മുടെ കറ്റാനം നേഴ്സിംഗ് കോളേജിൽ M.Pharm ഉം D.Pharm ഉം തുടങ്ങാനുള്ള അനുമതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നു ലഭിച്ചു. ഗവണ്മെന്റിൽ നിന്നും NOC ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇക്കാര്യത്തിലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചിട്ടുണ്ട്. ഇപ്പോൾ D.Pharm ന് 60 സീറ്റും B.Pharm ന് 60 സീറ്റും M.Pharm (Pharmacy Practice) ന് 12 സീറ്റും D.Pharm ന് 30 സീറ്റുമാണുള്ളത്.

സെപ്റ്റംബർ മാസത്തിലെ ധ്യാനത്തിലേക്ക് നാം പ്രവേശിക്കുന്നത് വിദ്യാഭ്യാസ ദിനാചരണവുമായി ബന്ധപ്പെട്ടാണ്. നമ്മുടെ രാഷ്ട്രത്തിന്റെ മുൻ പ്രസിഡന്റായ ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമാണല്ലോ അദ്ധ്യാപകദിനമായി സെപ്റ്റംബർ 5-ാം തിയതി ആചരിക്കുന്നത്. വിദ്യാഭ്യാസ രംഗത്ത് ഡോ. എസ്. രാധാകൃഷ്ണൻ, ഡോ. എ.പി.ജെ. അബ്ദുൾ കലാം തുടങ്ങിയ മുൻ ഇന്ത്യൻ പ്രസിഡന്റുമാരും സ്വാതന്ത്ര്യത്തിനു മുമ്പുള്ള കാലങ്ങളിൽ പാശ്ചാത്യ മിഷനറിമാരും നൽകിയ ദർശനങ്ങളും സ്വപ്നങ്ങളും അവിസ്മരണീയം തന്നെയാണ്. ആധുനിക മാനവികതയുടെ മാർഗ്ഗദർശികൾ എന്ന നിലയിൽ ഇവർ ചെയ്ത സേവനങ്ങൾ നിസ്തുല്യം തന്നെയാണ്. എന്നാൽ ഈ ബഹുമാന്യരായ വ്യക്തികൾ പകർന്നുനൽകിയ ദർശനത്തിലാണോ നാം ഇന്നു മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുന്നത്? എന്ന് ആത്മ പരിശോധന നടത്തേണ്ടതാണ്. വിദ്യാഭ്യാസദിനത്തിൽ നമ്മുടെ പ്രധാന ധ്യാനവിഷയം 'വിമോചനത്തിനായുള്ള വിദ്യാഭ്യാസം' എന്നതാണ്. 'എന്തിൽ നിന്നുള്ള വിമോചനം' എന്നതുപോലെ തന്നെ പ്രധാനപ്പെട്ടതാണ് എന്തിലേക്കുള്ള വിമോചനം എന്നതും. യഥാർത്ഥ വിദ്യാഭ്യാസം ഒരു കുട്ടിയിലുള്ള സാധ്യതകളെ ഇല്ലാതാക്കുന്ന സമീപനങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ആ കുട്ടിയെ മോചിപ്പിച്ച് ആ കുട്ടിയിലുള്ള സാധ്യതകൾ ആ കുട്ടിയ്ക്കു മാത്രമല്ല സമൂഹത്തിനാകമാനം അനുഗ്രഹമാക്കിത്തീർക്കുന്ന മഹത്തായ പ്രക്രിയയാണ്. വിദ്യാഭ്യാസദിനത്തിലെ സുവിശേഷ ഭാഗത്ത് നാം കാണുന്നത് ഒരു ബാലന്റെ കൈവശം അവന്റെ അമ്മ കൊടുത്തുവിട്ടിരുന്ന അഞ്ചപ്പവും രണ്ടു മീനും കൊണ്ട് അയ്യായിരം പേരെ യേശു പോഷിപ്പിച്ച സംഭവമാണ്. കർത്താവ് ചെയ്ത അത്ഭുതങ്ങളിൽ നാലു സുവിശേഷങ്ങളിലും ഈ സംഭവം രേഖപ്പെടുത്തപ്പെട്ടു എന്നതുതന്നെ ഈ സംഭവത്തിന്റെ പ്രസക്തി വെളിപ്പെടുത്തുന്നതാണ്. ആ ബാലന്റെ സമർപ്പണം അനേകായിരങ്ങളെ സംതൃപ്തിയിലേക്കു നയിച്ചു. നമ്മുടെ കുട്ടികളിൽ ഈ സമർപ്പണത്തിന്റെ മൂല്യം വളർത്തുവാൻ നമ്മുടെ വിദ്യാഭ്യാസത്തിന് ഇന്നു കഴിയുന്നുണ്ടോ? ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കപ്പെടുന്നതെല്ലാം അനേകർക്ക് അനുഗ്രഹമായിത്തീരും. സെപ്റ്റംബർ 13-ാം തീയതി ഞായറാഴ്ച സേവികാസംഘദിനമാണ്. 'സ്ത്രീകൾ മാറ്റത്തിനു വഴിയൊരുക്കുന്നവർ' എന്ന ചിന്താവിഷയമാണ് അന്നു ധ്യാനിക്കുന്നത്. മലങ്കര സഭയിൽ നവീകരണം രൂപപ്പെട്ടപ്പോൾ നവീകരണ ശിൽപികൾ സ്ത്രീശാക്തീകരണത്തിനു വളരെയധികം പ്രാധാന്യം നൽകുകയുണ്ടായി. മാർത്തോമ്മാ സുവിശേഷ സേവികാസംഘം പിറവിയെടുത്തത് ഈ ഒരു ദർശനത്തോടുകൂടിയാണ്. യേശു പരസ്യശുശ്രൂഷ നിർവ്വഹിച്ച കാലത്ത് സ്ത്രീകൾക്കും പൈതങ്ങൾക്കും വലിയ പ്രാധാന്യമൊന്നും കൽപിക്കപ്പെട്ടിരുന്നില്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റിനിർത്തപ്പെട്ടിരുന്ന സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമെല്ലാം ക്രിസ്തു വലിയ പ്രാധാന്യം നൽകി എന്നത് വിപ്ലവകരമായ ഒരു സമീപനം തന്നെയായിരുന്നു. ലോകചരിത്രത്തെത്തന്നെ മാറ്റിമറിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചത് ക്രിസ്തുവിന്റെ ഈ സമീപനമാണ്. ബഹുഭാര്യ സമ്പ്രദായത്തിൽ നിന്നും ഏകഭാര്യ സമ്പ്രദായത്തിലേക്കുള്ള മാറ്റം പോലും സാമൂഹ്യപരമായ ഒരു മുന്നേറ്റം തന്നെയായിരുന്നു. ഈ ദർശനം ആദിമ സഭയുടെ ആരംഭകാലത്തു തന്നെ അപ്പൊസ്തലനായ വിശുദ്ധ പൌലോസ് വ്യക്തമാക്കുന്നുണ്ട്. "എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്ന് ഉണ്ടായതുപോലെ പുരുഷനും സ്ത്രീമുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ" (1 കൊരി. 11:11, 12). ശമര്യാക്കാരത്തി സ്ത്രീയുമായുള്ള യേശുവിന്റെ സംഭാഷണം ആ സ്ത്രീയിൽ വരുത്തിയ രൂപാന്തരത്തിന്റെ മഹാസംഭവമാണ് സേവികാസംഘദിനത്തിൽ നാം ധ്യാനിക്കുന്നത്. അവൾ രഹസ്യമാക്കി വെയ്ക്കാൻ ആഗ്രഹിച്ച ജീവിത യാഥാർത്ഥ്യങ്ങൾ യേശു വെളിപ്പെടുത്തുമ്പോൾ അവൾ അവളെ മാത്രമല്ല യേശുവിൽ തന്റെ രക്ഷകനെയും കണ്ടെത്തുകയാണ്. ഒരു ഗ്രാമത്തെ മുഴുവൻ അവൾ തന്റെ സാക്ഷ്യത്തിലൂടെ യേശുവിങ്കലേക്കു നയിക്കുകയും യേശുവിനെ അവളുടെ ഗ്രാമത്തിലേക്ക് ഗ്രാമവാസികൾ ക്ഷണിക്കുകയും ചെയ്തു. ഈ മാറ്റത്തിനു വഴിവിളക്കായത് ആ ശമര്യാക്കാരത്തി സ്ത്രീയുടെ സാക്ഷ്യവും പ്രതികരണവുമാണെന്ന മഹത്തായ പാഠം ഇക്കാലത്തും നമുക്കു അനുകരണീയ പാഠമായിത്തീരേണ്ടതാണ്. സെപ്റ്റംബർ 20 ഞായർ വയോജനദിനമാണ്. സാംസ്കാരികമായി ഔന്നത്യം ഒരു സമൂഹത്തിനുണ്ട് എന്ന് തിരിച്ചറിയാനുള്ള ഒരു മാർഗ്ഗം ആ സമൂഹത്തിൽ വയോജനങ്ങൾ ആദരിക്കപ്പെടുന്നുണ്ടോ? എന്ന വിലയിരുത്തലാണ് കോറോണാ വൈറസ് ബാധ മൂലം രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പല നിയന്ത്രണങ്ങൾ സർക്കാർ ഏർപ്പെടുത്തിയപ്പോൾ ആരാധനാലയങ്ങൾക്കും നിയന്ത്രണം വേണ്ടിവന്നു. 65 വയസ്സിൽ കൂടുതലുള്ള മുതിർന്നവരും 10 വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളും ആരാധനയിൽ പങ്കെടുക്കരുത് എന്ന നിർദ്ദേശവും വന്നിരുന്നു. എന്നാൽ അവരെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു ആരാധന യഥാർത്ഥ ആരാധന ആകുന്നില്ല എന്ന കാഴ്ചപ്പാടോടുകൂടിയാണ് അവരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പൊതു ആരാധന നടത്തുവാൻ തക്ക ആരോഗ്യകരമായ സാഹചര്യം നിലവിൽ വരുമ്പോൾ മാത്രം പൊതു ആരാധന തുടങ്ങിയാൽ മതിയെന്ന് സഭ തീരുമാനിച്ചത്. സെപ്റ്റംബർ 21 മാർ മത്തായി ശ്ലീഹാ നാളാണ്. ചുങ്ക സ്ഥലത്തു നിന്നും യേശുവിന്റെ വിളി കേട്ട് എല്ലാം ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ച മത്തായി എല്ലാം ഉപേക്ഷിച്ചുവെങ്കിലും തന്റെ പേന മാത്രം ഉപേക്ഷിച്ചില്ല എന്ന് പല വേദശാസ്ത്ര പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ പേന കൊണ്ട് താൻ എല്ലാം ത്യജിച്ച് ആരെ പിൻ പറ്റിയോ ആ ലോകരക്ഷകന്റെ സുവിശേഷം വി. മത്തായി എന്ന ശിഷ്യൻ എഴുതി എന്നും നാം ഓർക്കണം. നമുക്കുള്ളതും നമ്മിലുള്ളതും ക്രിസ്തുവിനു വേണ്ടി ഉപയോഗിക്കുവാൻ കഴിയുമ്പോഴാണ് ജീവിത ധന്യത കൈവരിക്കുന്നത് എന്നാണ് വി. മത്തായി ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നത്. സെപ്റ്റംബർ 27 ഞായർ ദക്ഷിണേന്ത്യാ സഭ (CSI) യുടെ സ്ഥാപകദിനമാണ്. "സഭയുടെ ഐക്യം സാക്ഷ്യജീവിതത്തിന്" എന്നതാണ് ധ്യാനചിന്തയായി തിരഞ്ഞെടുത്തിരിക്കുന്നത്. ഐക്യം എന്നത് സമൂഹത്തെ സമൂഹമാക്കുന്ന സ്നേഹത്തിലുള്ള ഒരുമയാണ്, ഒരു ലക്ഷ്യത്തിലേക്കു എത്തിച്ചേരുവാൻ വേണ്ടിയുള്ള ഐകമത്യമാണ്. നമ്മുടെ രാഷ്ട്രം ബ്രിട്ടീഷ് അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യം നേടിയത് മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഇന്ത്യയിലെ സ്വാതന്ത്ര്യസമര പോരാട്ടങ്ങളെ ഐക്യത്തിൽ കോർത്തിണക്കിയതുകൊണ്ടാണ് എന്നത് ഒരു ചരിത്രസത്യമാണ്. സ്വാതന്ത്ര്യം കിട്ടിയ ഉടനെതന്നെ നാട്ടുരാജ്യങ്ങളെയെല്ലാം ഒരുമിപ്പിച്ച് ഈ രാഷ്ട്രത്തെ കെട്ടുറപ്പുള്ളതാക്കാനാണ് സ്വതന്ത്രഭാരതത്തിന്റെ ഭരണകർത്താക്കൾ ശ്രമിച്ചത് എന്നും ഓർക്കുക. സഭയുടെ സാക്ഷ്യത്തിലും ഐക്യത്തിന്റെ കെട്ടുറപ്പ് അനിവാര്യമാണ്. വെട്ടിപ്പിടിക്കുന്നതിലൂടെ നേടിയെടുക്കാൻ കഴിയുന്നതല്ല ക്രിസ്തീയ സാക്ഷ്യം; അനുരഞ്ജനമാണ് സാക്ഷ്യത്തിന് ആവശ്യമായിരിക്കുന്നത്. മറന്ന് ക്ഷമിക്കുന്ന ക്രിസ്തുവിന്റെ മാതൃകയാണ് സഭയുടെ സാക്ഷ്യമായി വളരേണ്ടത്.

"നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരെന്ന് എല്ലാവരും അറിയും"
(വി.യോഹ.13:35).



പുലാത്തീൻ, തിരുവല്ല
28-08-2020

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**